

**ഇ-മലയാളി ആരംഭിക്കുന്ന പുതിയ പംക്തി "ക്യാമ്പസ്സ് കഥകൾ". എഴുതുക, നിങ്ങളുടെ അനുഭവങ്ങൾ, ഓർമ്മകൾ, വെറുതെ ചില ക്യാമ്പസ്സ് വാർത്തകൾ, പ്രണയവും നർമ്മവും കലർന്ന സംഭവങ്ങൾ.. വിവരങ്ങൾ ഫോൺ/ഇ-മെയിൽ വഴി അറിയിച്ചാൽ ഞങ്ങളുടെ ലേഖകർ അത് നിങ്ങൾക്കായി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. (ചില നിബന്ധനകൾ ബാധകമാണ്). ശ്രീ സുധീർ പണിക്കവീട്ടിൽ തൻെറ സഹപാഠിയായിരുന്ന സി. ആൻഡ്രൂസ്സിൻെറ പ്രണയാനുഭവങ്ങൾ എഴുതുന്നു.**

**ക്യാമ്പസ് കഥകൾ**

# മാടപ്രാവേ... വാ...

**സുധീർ പണിക്കവീട്ടിൽ**

സായാ□ ത്തിലെ നിഴലുകൾ നീളുകയും രാവിൻെറ കരിമ്പടം ഓരോന്നായി ഊർന്ന് വീഴുകയും ചെയ്യുമ്പോൾ എല്ലാവർക്കും ഒരു നഷ്ടബോധത്തിൻെറ വിഷാദമുണ്ടാകാം. കാപ്പിക്കപ്പുകളും വീഞ്ഞുക്കോപ്പകളും നാലുമണി പൂക്കളും, നിലക്കാത്ത സീരിയലുകളും, മൂവികളും സാന്ത്വനവുമായി അപ്പോൾ എത്തുമെങ്കിലും കണ്ണുകൾ വിദൂരതയിലേക്ക് ആഴ്ന്നിറങ്ങികൊണ്ടിരിക്കും. അടിവച്ചടിവച്ച് പകൽ പോയിമറഞ്ഞ വഴിയിലേക്ക് അലക്ഷ്യമായി നീളുന്ന അത്തരം ശൂന്യതയിൽ വെറുതെ ഇരിക്കാൻ ശ്രമിച്ചാലും അസ്വസ്ഥമാകുന്ന മനസ്സ് കേട്ടു് മറന്ന പാട്ടുകളുടെ ഈരടികൾ തേടി പോകാറുണ്ട് - കഹി ദൂർ ജബ് ദിൻ ഢൽ ജായെ (ആനന്ദ് എന്ന പഴയ ഹിന്ദി ചിത്രത്തിലെ ഗാനം) *"ഏറെ ദൂരം പകൽ എത്തികഴിയുമ്പോൾ ലജ്ജയിൽ മുങ്ങിയ നവവധുവിനെ പോൽ*

*ഇരുട്ടിൻെറ മറവിൽ ഒളിച്ച് പതുങ്ങി പതുങ്ങി നിശബ്ദയായി സന്ധ്യ വരുന്നു. എൻെറ ചിന്തകളുടെ മുറ്റത്ത് അപ്പോൾ ആരോ സ്വപ്നങ്ങളുടെ ദീപം തെളിയിക്കുന്നു.''* പാട്ടിൻെറ അർത്ഥത്തിലും മധുര സംഗീതത്തിലും മുഴുകുമ്പോൾ അനുഭവപ്പെടുന്ന അനുഭൂതി സ്വർഗ്ഗീയമാണു. മനസ്സിലും അപ്പോൾ പിന്നിട്ട യൗവ്വനനാളുകൾ ദൂരെ തെളിയുന്നു. ഒരിക്കലും തിരിച്ച്കിട്ടാത്ത ആ നാളുകളിലേക്ക് ഒന്നു മുങ്ങിതപ്പാൻ ശ്രമിക്കുമ്പോൾ കൂട്ടിനെത്തുന്നു എനിക്ക് പ്രിയമുള്ളവൻ ആൻഡ്രൂസ്. ടെലഫോൺ കമ്പികളിൽ പിടിച്ച്കൊണ്ട്, ഇമ്പമുള്ള ശബ്ദവീചികൾ പൊഴിച്ച്കൊണ്ട്, സുഹ്രുത്തുക്കൾക്ക് തമ്മിൽ തമ്മിൽ പരേന്ദ്രിയജ്ഞാനം(Telepathy) ഉണ്ടെത്രെ. നമ്മൾ അവരെപ്പറ്റി ചിന്തിക്കുമ്പോൾ അവരറിയുന്നു. പ്രത്യേകിച്ച് ഉറ്റ സുഹ്രുത്തുക്കൾക്ക്. വൈകീട്ടു എന്താ പരിപാടിയെന്ന് മോഹൻലാലിൻെറ പരസ്യചിത്രം ചോദിക്കുന്നതിനു മുമ്പെ കൂട്ടുകാരുടെ ചുണ്ടിൽ അതുണ്ടായിരുന്നു.

യൗവ്വന നാളുകളിലേക്ക് തിരിച്ച് പോകാനുള്ള മായാവിമാനവുമായി, അത് പറത്തികൊണ്ട് ആൻഡ്രൂസ് വരുന്നു. "എന്താ പരിപാടി" "ഇന്നെവിടെ പോകണമെന്ന ചോദ്യത്തോടെ" ഞങ്ങളുടെ സങ്കൽപ്പവിമാനം പറന്നുയരുകയായി. മാമ്പൂ വിരിയുന്ന രാവുകളിൽ മാതളം പൂക്കുന്ന രാവുകളിൽ ഒരു പൂവ്വ് തേടി നടന്ന യൗവ്വനത്തിൻെറ അസുലഭ കാലഘട്ടം. ആദ്യത്തെ നോട്ടത്തിൽ ഏതൊ പെൺകുട്ടിയുടെ കാലടികൾ കണ്ട് വെറുതെ ഓരോ മോഹങ്ങൾ കൊളുത്തി ആ വെളിച്ചത്തിൽ പകൽ കിനാവുകൾ കണ്ട കാലം. അത് എത്രയോ പുറകിലെന്നറിയാതെ ഈ സായം സന്ധ്യയിൽ വീണ്ടും കോളേജ് കുമാരന്മാരാകൻ തുടിക്കുന്ന മനസ്സ്. കുറച്ച് നേരത്തേക്ക് ഞങ്ങൾ പരിസരം മറന്ന് കഴിഞ്ഞകാലത്തിലേക്ക് പറന്ന് കൊണ്ടിരിക്കുന്നു. അപ്പോൾ എനിക്ക് പത്തൊമ്പതും ആൻഡ്രൂസ്സിനു പത്തൊമ്പതരയും വയസ്സാകുന്നു. ആ ചിന്ത തന്നെ ഞങ്ങളിൽ രോമാഞ്ചം ഉണ്ടാക്കുന്നു. എന്തു സുഖമാണീ നിലാവ്, എന്തു രസമാണീ സന്ധ്യ, അരികിൽ നീ വരുമ്പോൾ എന്ന് പാടി വരുന്നു അപ്പോൾ ഒരു സുന്ദരി പെണ്ണ്. (വർഷങ്ങൾക്ക് ശേഷം കൈതപ്രം അതെഴുതിയപ്പോൾ ആൻഡ്രൂസ്സിനു അതുഭുതമായി. അതേക്കുറിച്ച് പറയാൻ എന്നെ വിളിച്ചു. ഞാൻ പറഞ്ഞു കവികൾ എല്ലാം അറിയുന്നു.) ഓർമ്മകളുടെ പൊട്ടിപോയ ഒരുപാട് പട്ടങ്ങളുടെ ചരടിൽ തൂങ്ങി വരുന്ന അവളെപറ്റി ഈ ഏഴാം കടലിന്നക്കരെ വളരെ കൊല്ലങ്ങൾക്ക് ശേഷം ഫോണിലൂടെ അയാൾ ചോദിക്കുന്നു, സുരേഷ് ഗോപി സ്റ്റയിലിൽഃ ഓർമ്മയുണ്ടോ ആ മുഖം. അത് നമ്മുടെ കറിയാച്ചൻെറ പെങ്ങളല്ലേ? ശോശകുട്ടി.. ഒരു പാട് ലഡു അപ്പോൾ ഞങ്ങളുടെ മനസ്സിൽ പൊട്ടുന്നു. കോളേജ് കെട്ടിടത്തിൻെറ ഇടനാഴിയിലൂടെ ഒരു അരയന്നം പോലെ വെളുത്ത ആ പെൺകുട്ടി നടന്നു വരുമ്പോൾ ആൺപിള്ളേരുടെ മനസ്സെന്ന പൊയ്കയിൽ ഒത്തിരി പരൽ മീനുകൾ ഓടികളിക്കും. അവൾക്ക് കൊത്താൻ പരുവത്തിൽ അവ ശ്വാസം പിടിച്ച് അനങ്ങാതെ നിൽക്കുമ്പോൾ ഇടിമിന്നൽ പോലെ ഒരു കടാക്ഷം ആൻഡ്രൂസ്സിനു മാത്രം എറിഞ്ഞ്കൊടുത്ത് അവൾ നടക്കുന്നു. പിന്നെ വൽക്കലം ഉടക്കി എന്ന് നടിച്ച് ശകുന്തള നിന്നപോലെ (കോളേജിൻെറ ഇടനാഴിയിൽ ദർഭമുന കൊണ്ട് നിൽക്കാൻ വയ്യല്ലോ) സാരിത്തലപ്പിൻെറ തുമ്പ് കോവണിയിൽ കുടുക്കി നിന്ന് ഒരു നോട്ടം കൂടി കൊടുക്കുന്നു. അപ്പോഴെക്കും അവിടെകൂടി നിൽക്കുന്ന ആൺകുട്ടികളെല്ലാവരും കൂടി ഒത്തിരി എരിവുള്ള കറികൂട്ടിയ പോലെ "ശ്ശ്.." എന്ന് നീട്ടി വലിക്കുന്നു. അപ്പോഴാണു എം.എ.ക്ക് പഠിക്കുന്ന ചേച്ചിമാരുടെ വരവ്. അവർ ഒരു തരം വല്യേച്ചി കളിക്കുമപ്പോൾ. എന്തിനാ പിള്ളേരേ വായിൽ നോക്കി സമയം കളയുന്നത്, വല്ലതും പഠിക്കരുതോ? അവരിൽ ചന്ദനകുറിതൊട്ട, മുടി പിന്നിയിട്ട, കുട-ഞാത്തിയിട്ട ഒരു ശാലീന സുന്ദരി മാത്രം ഒരു ചേച്ചിയെപോലെ, കൂട്ടുകാരിയെപോലെ അവിടെ നിന്നു സംസാരിക്കും. ആ സുന്ദരി ചേച്ചിയുടെ കണ്ണുകൾ ഉന്നം വക്കുന്നതും സുന്ദരനായ ആൻഡ്രൂസ്സിനെയാണ്. പാരഡി രാജാക്കന്മാരായി ക്യാമ്പസ്സിൽ വിലസി നടക്കുന്നവർ ഉടനെ പാടും. "നിന്നിലലിഞ്ഞ്പോയ് എൻെറ കിനാവുകൾ സുന്ദരനായ ആൻഡ്രൂസ്സേ'' ഞങ്ങളുടെ കൂട്ടത്തിലെ ഒരു എഴുത്തുകാരൻ അവരുടെ സൗന്ദര്യം എപ്പോഴും വർണ്ണിച്ച്കൊണ്ടിരുന്നു. അതിനു പ്രേമം എന്നാണു പേരെന്ന് ആൻഡ്രൂസ്സ് രഹസ്യമായി അയാളോട് പറഞ്ഞനാൾ മുതൽ അയാൾക്കു അവരെ കാണുമ്പോൾ പരവേശം തുടങ്ങി. *ചന്ദനമണമൂറും നിൻ ദേഹ മലർവല്ലി എന്നുമെൻ വിരിമാറിൽ പടരുമല്ലോ* എന്നയാൾ മൂളാൻ തുടങ്ങി. അയാളുടെ കഥകളും കവിതകളും പ്രേമത്തിൻെറ അതിമധുരം വിളമ്പി.

സംസാരിക്കുന്നതിനടയിൽ ഞങ്ങൾക്ക് വഴി തെറ്റി. ആൻഡ്രൂസ്സെ നീ എവിടെയെന്ന ചോദ്യം മുപ്പത് വർഷങ്ങളുടെ ഭിത്തികൾ തട്ടി മറിച്ചു. പതിനേഴ് താണ്ടിയ പെൺകിടാങ്ങൾ മന്മഥൻെറ രഥചക്രമുരുളുന്ന വഴികളിലൂടെ പുസ്തകകെട്ടും നെഞ്ചിലേറ്റി നടന്നു വരുമ്പോൾ കണികാണാനെന്നോണം ഉയരമുള്ള ആൻഡ്രൂസ്സ് അവരെ നോക്കി നിൽക്കയായിരുന്നു. വാലിട്ടെഴുതിയ ഒത്തിരി കണ്ണുകൾ ഒരുമിച്ച് കണ്ട് അയാൾ മദോന്മത്തനാകുന്നു.. അപ്പോഴാണു കവിഹ്രുദയമുള്ള കൂട്ടുകാരനെ അന്വേഷിക്കുന്നത്. അയാൾ അപ്പോൾ കാളിദാസനെ കടം മേടിക്കും.

പെൺകുട്ടികളുടെ കണ്ണുകളുടെ സൗന്ദര്യം കണ്ട് ആൻഡ്രൂസ് പാടുന്ന കാളിദാസ ശ്ലോകം നൂയോർക്കിലെ ഒരു വൈകിയ സായാ□ ത്തിൽ വീണ്ടും കേൾക്കുമ്പോൾ കാലം ഞങ്ങൾക്ക് അടിയറ വക്കുന്നപോലെയുള്ള ഒരനുഭൂതി കൈവരുന്നു.ഃ "ബാലേ, തവ മുഖാംബുജേ ദ്രുഷ്ട്യം ഇന്ദീവര ദ്വയം. അപ്പോഴാണു തേനീച്ചയാർക്കുന്ന പോലെ പെൺകുട്ടികൾ പരിഭ്രാന്തരാകുന്നത്. ആരുടെ മുഖം - താമരപൂവ്വ് പോലെ, അതിൽ കരിങ്കൂവ്വള പൂ പോലുള്ള കണ്ണുകൾ. ആരുടെ? പൂവ്വാലസംഘം പതിവുപോലെ അവരുടെ പാട്ട് ആരംഭിക്കുന്നു. " കണ്ടു രണ്ട് കണ്ണു, കതകിൻ പിന്നിൽ നിന്ന്". ആ കോലാഹലം കണ്ട് ഒരാൾ അകലെ നിന്ന് നടന്നു വരുന്നുണ്ട്. എപ്പോഴും ഗൗരവ മുഖം മൂടിയുള്ള ക്ലാര. അവളുടെ അപ്പൻ മജിസ്ട്രേറ്റാണെന്ന അഹംഭാവത്തിനു പുറമേ അവൾക്ക് സുന്ദരിയാണെന്നു ഗമയും. അവൾക്ക് ആൻഡ്രൂസ്സ് അവളുടെ സ്വന്തമാണെന്നാണു വിചാരം. അവൾ വരുന്നത് കണ്ട് മറ്റ് പെൺകുട്ടികൾ ഒഴിഞ്ഞ്പോകാൻ തുടങ്ങി.. ആൻഡ്രൂസ്സിന്റെ പട്ടമഹിഷി വരുന്നേ എന്ന് പിള്ളേർ അപ്പോൾ ആർപ്പ് വിളിക്കും. ദാവുണി ചുറ്റിയ പ്രി-ഡിഗ്രിക്കാരി പെൺകുട്ടികൾ അകലെ മരത്തിന്റെ ചുവട്ടിൽ നിന്നും ആകാംക്ഷയോടെ നോക്കി നിൽക്കും. ഇന്നത്തെപ്പോലെ ഫാഷ്യലും, പുരികം ചെത്തിമിനുക്കലും, തുടങ്ങിയുള്ള തട്ടിപ്പിലൂടെ ഭംഗി വരുത്തികൂട്ടാത്ത ക്രുത്രിമത്വമില്ലാത്ത മൂക സൗന്ദര്യങ്ങൾ. എന്നിട്ടും അവർ അഴകിന്റെ ദേവതമാരായി വിളങ്ങി. ആ കിശലയ കിശോരികളും ഒളികണ്ണാൽ ആൻഡ്രൂസ്സിനു കടാക്ഷ പ്രസാദങ്ങൾ നീട്ടികൊടുത്തിരുന്നു. എന്നാൽ അവർക്കും ക്ലാരയെ പേടിയായിരുന്നു. ആൺകുട്ടികൾക്ക് ക്ലാരയോട് പകയായിരുന്നു. ആൻഡ്രൂസ്സിനെ ഒഴികെ ആരേയും ക്ലാര ശ്രദ്ധിച്ചിരുന്നില്ല. അത്കൊണ്ട് മറ്റുള്ള ആൺകുട്ടികൾ അവളെ "രാമായണത്തിലെ സീത" എന്നു വിളിച്ചു. നിന്നെ രാവണൻ കട്ടുകൊണ്ട് പോകുമെന്ന് അവർ കളിയാക്കി. ക്ലാര അതെല്ലാം സന്തോഷത്തോടെ കേട്ടു.

ക്ലാര വന്നാൽ ഉടനെ ആൻഡ്രുസ്സും കൂട്ടുകാരായ ഞങ്ങൾ രണ്ടുപേരും കൂടി ക്യാൻറീനിലേക്ക് നടത്തമാണു. അവളെ കുറിച്ച് കവിത കുറിച്ച് കൊടുക്കുന്നത്കൊണ്ട് അവൾക്ക് ഞങ്ങളെ കാര്യമാണു്. ക്യാൻറീനിൽ ചെല്ലുമ്പോൾ പൗലോസ് ചേട്ടൻ പറയും : പഴം പൊരിയുണ്ട് മക്കളെ എടുക്കട്ടെ. എടുക്കൂ പൗലോസേട്ടാ.. ക്ലാര കൂടെയുള്ളത് കണ്ടില്ലേ? നാട്ടിലെ പണചാക്കിന്റെ മകളല്ലേ? പൗലോസ്സ് ചേട്ടൻ അത്കേട്ട് ചിരിച്ച് കൊണ്ട് പറയും. കാര്യമൊക്കെ ശരി ആ പെൺകൊച്ചിനെ ചതിക്കരുത് ആൻഡ്രൂസ്സേ... ആൻഡ്രൂസ്സിന്റെ മുഖം അപ്പോൾ വാടും. ക്ലാരക്ക് ഒരു കൂസലുമുണ്ടാകില്ല. പിന്നേ.. ഇവൻ ചതിച്ചാൽ ഞാൻ മഠത്തിൽചേരുകയോ, ആത്മഹത്യ ചെയ്യുകയൊ ഒന്നും ചെയ്യില്ല. അന്തസ്സായിട്ട് ആൺപിള്ളേരെ ആരെങ്കിലും കല്യാണം കഴിക്കും. ആ കല്യാണത്തിനു ഇവനെ ക്ഷണിക്കും എന്നിട്ട് ഇവനു ഒരു വള ഞാൻ സമ്മാനിക്കും. ആണത്വമില്ലത്താത്തവൻ എന്നു വിളിക്കുകയും ചെയ്യും. അങ്ങനെ ഒന്നും വേണ്ടി വന്നില്ല. മദനോത്സവം സിനിമ കഥ പോലെ ക്ലാരക്ക് അസുഖം വന്ന് കിടപ്പിലായി. ആസ്പത്രി കിടക്കയിൽ വച്ച് അവൾ പറഞ്ഞു. ഞാൻ മരിക്കയില്ല, മന്തകോടിയണിഞ്ഞ് ഒരു മണവാട്ടിയായി അല്ല ശുഭ്ര വസ്ത്രങ്ങൾ അണിഞ്ഞ് ഒരു മാലാഖയായി ഞാൻ ആൻഡ്രുസ്സിനൊപ്പം ഉണ്ടാകും. പക്ഷികളിൽ എനിക്ക്ഷിഷ്ടമുള്ള പ്രാവായി ഞാൻ പറന്നു നടക്കും. അവളുടെ കവിളുകൾ കണ്ണുനീർ കൊണ്ട് നനഞ്ഞിരുന്നു. ജീവിതം നമ്മളോടു എന്നും ക്രൂരത കാട്ടുന്നു എന്ന് ആവേശത്തോടെ ഞങ്ങളുടെ ഇടയിലെ എഴുത്തുകാരൻ ഉച്ചത്തിൽ വിളിച്ച് കൂവി. ദിവസങ്ങൾക്ക് ശേഷം ക്ലാരയുടെ അപ്പൻ അവളെ ചികിത്സ്ക്കായി അമേരിക്കയിലേക്ക് കൊണ്ട് പോയി.അവളേയും വഹിച്ച്കൊണ്ട് പറന്ന്പോയ വിമാനത്തിന്റെ ശബ്ദം മാത്രം പിന്നെ ഞങ്ങളുടെ ചെവിയിൽ മുഴങ്ങികൊണ്ടിരുന്നു. ക്ലാര സുഖം പ്രാപിച്ചോ, മരിച്ചോ എന്നറിയാതെ കാലം കടന്നു പോയി. ക്യാൻറീനിലെ പൗലോസ്സ് ചേട്ടനും അവിടത്തെ ചുമരിൻ മുകളിൽ പറന്നിറങ്ങുന്ന പ്രാവുകളും ക്ലാരയെപ്പറ്റി ചോദിച്ചു. പഞ്ഞികെട്ടുകൾ പോലെ നീലാകാശത്തിൽ പറന്നു നടക്കുന്ന മേഘങ്ങളും ക്ലാരയെ ഓർമ്മിപ്പിച്ചു. മാടപ്രാവേ വാ ഒരു കൂട് കൂട്ടാൻ വാ... എന്ന് പാടി ആൻഡ്രൂസ് വിഷാദമൂകനായി നടന്നു. കുറേക്കാലം.

ഈ സായംസന്ധ്യയിൽ പൂക്കളെ തഴുകി വരുന്ന കാറ്റിന്റെ സുഗന്ധം പോലെ ഓർമ്മകൾ ഉണരുന്നു. എല്ലാ സന്തോഷങ്ങളും എന്തുകൊണ്ടാണു ദു:ഖത്തിൽ കലാശിക്കുന്നത് എന്ന് ഞങ്ങൾ പരസ്പരം ചോദിക്കുന്നു. ഉത്തരമില്ലാത്ത ആ ചോദ്യത്തിനു മുന്നിൽ ഞങ്ങൾ നിശ്ശബ്ദരാകുന്നു. ഫോൺ താഴെ വക്കുന്നു.

ശുഭം